ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/06/2016*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**




- For scientific Ayurvedic treatments with a traditional touch
- SNEHA SWEDA KARMAS & PANCHAKARMA treatments are also done.
- Specialised in SIDHA medicine

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**




ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 3 ലക്കം 12

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 ജ്യേഷ്ഠം – ആഷാഢം
1191 എടവം – മിഥുനം 2016 ജൂൺ

വാർഷിക വരിസംഖ്യ: ₹ 60 /- ദീർഘകാലം: ₹1000/-



**ബങ്കിം ചന്ദ്രചാറ്റർജി (1838 – 1894)**

**<u>ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ</u>**

| | | |
|---|---|---|
| ജൂൺ 01 | : | ഡി. എ. വി. (ദയാനന്ദ് ആഗ്ലോവേദിക് കോളേജ്) കോളേജ് സ്ഥാപന ദിനം |
| ജൂൺ 08 | : | റാണി ലക്ഷ്മീബായ് രക്തസാക്ഷിദിനം |
| ജൂൺ 21 | : | ഡോ. ഹെഡ്ഗേവർ നിർവ്വാണ ദിനം |
| ജൂൺ 23 | : | ഡോ. ശ്യാമപ്രസാദ് മുഖർജി രക്തസാക്ഷി ദിനം |
| ജൂൺ 27 | : | ബങ്കിം ചന്ദ്രചാറ്റർജി ജന്മദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



### *മണ്ഡലം 1 സൂക്തം 5*

*മധുച്ഛന്ദാ ഋഷിഃ ഇന്ദ്രോ ദേവതാ നിചൃദ്ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ*

**അക്ഷിതോതിഃ സനേദിമം വാജമിന്ദ്രഃ സഹസ്രിണമ്।**

**യസ്മിൻ വിശ്വാനി പൗംസ്യാ ॥**

*(ഋഗ്വേദം 1. 5. 9)*

**പദാർത്ഥം:** ആ (അക്ഷിതോതിഃ) നിത്യജ്ഞാനവാനായ (ഇന്ദ്രഃ) സർവ്വഐശ്വര്യയുക്തനായ പരമേശ്വരൻ ഞങ്ങളോട് കൃപചൊരിഞ്ഞ് (യസ്മിൻ) ഏതൊരു വ്യവഹാരത്താൽ (വിശ്വാനി) എല്ലാ (പൗംസ്യാ) പുരുഷാർത്ഥ യുക്തമായ ബലത്തോടുകൂടിയ (ഇമമ്) ഈ (സഹസ്രിണാമ്) അസംഖ്യം സുഖങ്ങൾ നൽകുന്ന (വാജമ്) പദാർത്ഥങ്ങളുടെ വിജ്ഞാനത്തെ (സനേത്) സമ്യക്കായി സേവനം ചെയ്ത് ഞങ്ങൾ ഉത്തമ സുഖങ്ങൾക്ക് പ്രാപ്തരായി തീരട്ടെ.

**ഭാവാർത്ഥം:** ആരുടെ ശക്തിയാൽ ലോകത്തിലെ പദാർത്ഥങ്ങൾ ബലവത്തതായി തീർന്ന് തങ്ങളുടെ വ്യവഹാരങ്ങളിൽ വ്യാപരിയ്ക്കുന്നത്, അവയുടെയെല്ലാം ഗുണങ്ങളുടെ ഉപകാരം മൂലം നാനാപ്രകാരത്തിലുള്ള സുഖം അനുഭവിക്കുന്നതിനായി ഞങ്ങൾ പുരുഷാർത്ഥം ചെയ്യട്ടെ. അതേപോലെ ഈശ്വരൻ ഈ പ്രയോജനത്താൽ ഞങ്ങളെ സഹായിക്കട്ടെ. അതിനായി ഞങ്ങൾ ഈ വിധത്തിൽ പ്രാർത്ഥിക്കുന്നു.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

# SUPPORT FOR VEDA GURUKULAM

We solicit your support for running our Veda Gurukulam by way of conducting special *'Yagya', 'Annadanam' etc.*, to meet the educational expenses of *'Brahmacharis' and* maintanance of *'Goshala'* during the occasion of Birthdays, Marriages, Marriage Anniversaries etc.. at your family. The donations may be made through Cheque / Draft or can be directly deposited at our Bank as per the details mentioned below

**PANDIT RISHIRAM ARYOPADESHAK MAHAVIDYALAY**
**Pandit Guruduth Bhavan, Karalmanna (P.O), Palakkad Dist, Kerala - 679 506,**
**Email: aryopadeshakvidyalaykerala@gmail.com, Phone: 9562529095, 9446017440**
**A/c No: 4264000100079146, Punjab National Bank, Cherpulassery Branch, IFSC Code:PUNB0426400**
**(Registered Under Section 12AA of Income Tax Act 1961)**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40. 1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

**ആര്യസമാജവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങളും അവ നടന്ന വർഷവും**

1798 - ഗുരു വിരജാനന്ദന്റെ ജനനം

1825 - മഹർഷി ദയാനന്ദന്റെ ജനനം

1836 - ഗുരു വിരജാനന്ദൻ മഥുരയിൽ പ്രവർത്തനമാരംഭിച്ചു.

1838 - മൂൽശങ്കറിന്റെ (സ്വാമി ദയാനന്ദസരസ്വതി) ബോധരാത്രി (ശിവരാത്രി)

1840 - മൂൽശങ്കറിന്റെ സഹോദരിയുടെ നിര്യാണം

1844 - മൂൽശങ്കറിന്റെ ഗൃഹത്യാഗം

1847 - മൂൽശങ്കർ സന്യാസം സ്വീകരിച്ച് സ്വാമി ദയാനന്ദസരസ്വതിയായി തീർന്നു

1856 - മഹാത്മാ മുൻഷീറാമിന്റെ (സ്വാമി ശ്രദ്ധാനന്ദൻ) ജനനം

(തുടരും)


## *ദയാനന്ദ സന്ദേശം വൈദിക മാസിക*



*സത്യ - സനാതന - വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ*
*വൈദിക സിംഹഗർജ്ജനം! ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*

**സൗജന്യ മാതൃകാ കോപ്പിയ്ക്ക് 1 രൂപ സ്റ്റാമ്പ് അയ്ക്കുക**
**വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.**
**വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : വ്യവസ്ഥാപകൻ, ദയാനന്ദസന്ദേശം, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504**
*Email: dayanandasandesam@gmail.com*
***ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.***

**DAYANANDA SANDESAM**
**Bank Account No: 4264000100072426, IFSC Code : PUNB 0426400, Punjab National Bank- Cherpalcheri Branch**


*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5. 51. 15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

## വേദപ്രകാശം പാഠാവലി

ജാതവേദൻ

**പാഠം 4** **ഗൃഹസ്ഥാശ്രമം**

***ചോദ്യം 18 :വാണിയുടെ നാലുവിശേഷതകൾ പറഞ്ഞാലും ?***

**ഉത്തരം** : വാണിയ്ക്ക് നാലു വിശേഷതകളുണ്ട്. അവ 1. സുമധുരമാവണം, 2. എല്ലായ്പ്പോഴും സത്യം പറയണം, 3. ഹിതകാരിയായത് പറയണം, 4. പ്രിയമായത് പറയണം.

***ചോദ്യം 19 : നിന്ദ എന്നു പറയുന്നത് എന്താണ് ?***

**ഉത്തരം** : നല്ലതിനെ മോശമെന്നു പറയുന്നതും മോശമായതിനെ നല്ലതെന്നു പറയുന്നതും നിന്ദയാണ്.

***ചോദ്യം 20: ശ്രാദ്ധമെന്താണ് ?***

**ഉത്തരം** : ജീവിച്ചിരിയ്ക്കുന്ന മാതാപിതാക്കൾ, പണ്ഡിതന്മാർ, വൃദ്ധജനങ്ങൾ എന്നിവരെ പരിചരിയ്ക്കുന്നതിനാണ് ശ്രാദ്ധമെന്നു പറയുന്നത്.

***ചോദ്യം 21 : തർപ്പണത്തിന്റെ അർത്ഥമെന്താണ് ?***

**ഉത്തരം** : ജീവിച്ചിരിയ്ക്കുന്ന മാതാപിതാക്കൾ, പണ്ഡിതന്മാർ,വൃദ്ധജനങ്ങൾ എന്നിവരെ തങ്ങളുടെ പ്രവൃത്തികളാൽ സന്തുഷ്ടരാക്കുന്നതിനാണ് തർപ്പണമെന്നു പറയുന്നത്.

***ചോദ്യം 22: മരിച്ചുപോയ പിതൃക്കൾക്ക് ശ്രാദ്ധവും തർപ്പണവും നൽകാനാവില്ലേ?***

**ഉത്തരം** : ഇല്ല, മരിച്ചുപോയ പിതൃക്കൾക്ക് ശ്രാദ്ധവും തർപ്പണവും നൽകാനാവില്ല. അങ്ങിനെ ചെയ്യുന്നത് വേദാദി ശാസ്ത്രങ്ങൾക്ക് വിരുദ്ധവുമാണ്.

***ചോദ്യം 23: പഞ്ചമഹായജ്ഞങ്ങൾ ഏതെല്ലാമാണ് ?***

**ഉത്തരം** : 1. ബ്രഹ്മയജ്ഞം, 2. ദേവയജ്ഞം, 3. പിതൃയജ്ഞം, 4. ബലിവൈശ്വദേവ യജ്ഞം, 5. അതിഥിയജ്ഞം.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 3 ലക്കം 12

വേദ സൃഷ്ടി സംവത്സരം 1972949117 കലിവർഷം 5118 ജ്യേഷ്ഠം – ആഷാഢം
1191 എടവം – മിഥുനം 2016 ജൂൺ

**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**
കെ.എം. രാജൻ

**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ശത്രുവോ? മിത്രമോ? | : | 6 |
| ഉപദേശ മഞ്ജരി | : | 7 |
| ജീവിതം ഒരലയാഴി | : | 8 |
| സത്യാർത്ഥപ്രകാശം എന്ത് ? | : | 9 |
| വേദാന്തി ധ്വാന്തി നിവാരണം | : | 11 |
| സംശയനിവാരിണി | : | 12 |
| മഹർഷി ദയാനന്ദ സരസ്വതി | : | 13 |
| വേദപ്രകാശം പാഠാവലി | : | 14 |


**വിലാസം**


**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

## കരിയും കരിമരുന്നും



**കൊ**ല്ലം ജില്ലയിലെ പരവൂരിലെ ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട് നടന്ന വെടിക്കെട്ടപകടം ദേശീയ മനസ്സാക്ഷിയെ പിടിച്ചുകുലുക്കി. ഒരമ്പതുവർഷം മുമ്പുവരെ പോലും വളരെ ഭക്തിനിർഭരമായും ഉൽസാഹം വർദ്ധിപ്പിക്കുന്നതരത്തിലുമായിരുന്നു നമ്മുടെ നാട്ടിലെ ഉൽസവങ്ങളും വേലകളുമെല്ലാം. എന്നാലിന്ന് ഉത്തരായനകാലം ആരംഭിച്ചാൽ കേരളമെമ്പാടുമുള്ള മിക്ക ആരാധനാലയങ്ങളും (ഇവയിൽ ക്ഷേത്രങ്ങൾ മാത്രമല്ലാ പള്ളികളും മതമില്ലാത്തവരുടെ കേന്ദ്രങ്ങളും ഉൾപ്പടും). ധൂർത്തിന്റേയും അനാചാരങ്ങളുടേയും കേളീയരങ്ങാണ്. നിരവധി മിണ്ടാപ്രാണി

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

കളെ ബലിയാക്കുന്ന-പീഡിപ്പിക്കുന്ന-അന്തരീക്ഷത്തെ മലീമസമാക്കുന്ന-ജനങ്ങളെ നിർബന്ധിതപിരിവിനാൽ വീർപ്പുമുട്ടിക്കുന്ന മദ്യത്തിലാറാടിക്കുന്ന ഈ പൂരങ്ങളും നേർച്ചകളും പള്ളിപെരുന്നാളുകളുമാണ് നാടിന്റെ മുഖ്യശാപങ്ങളിലൊന്ന്. ദേവപ്രീതിയ്ക്കായാണ് ഇത്തരം ആചാര(അനാചാരങ്ങൾ)ങ്ങൾ നടത്തുന്നതെങ്കിൽ ഏതുദേവനാണ് ഈ ക്രൂരതകൾ കണ്ട് പ്രസാദിയ്ക്കുക.

നമ്മുടെ ആർഷഗ്രന്ഥങ്ങളിലൊന്നും (ചതുർവ്വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ, ശ്രൗത-ഗൃഹ്യസൂത്രഗ്രന്ഥങ്ങൾ, മനുസ്മൃതി തുടങ്ങിയ വേദാനുകൂലഗ്രന്ഥങ്ങൾ) ഇത്തരം ആനപ്പൂരങ്ങളും വെടിക്കെട്ടാഘോഷവും മൃഗബലിയും നടത്താനുള്ള വിധി കാണുന്നില്ല. ആദർശപുരുഷന്മാരായ ശ്രീരാമന്റെയും ശ്രീകൃഷ്ണന്റേയും കാലത്തും ഇത്തരം ആചാരങ്ങൾ (അനാചാരങ്ങൾ) നടന്നിരുന്നതായി വാൽമീകി രാമായണത്തിലോ വ്യാസമഹാഭാരതത്തിലോ കാണുന്നില്ല. അതിനാൽ നമ്മുടെ അദ്ധ്യാത്മികാചാര്യന്മാർ കൂടിയിരുന്ന് വിശദമായി ചർച്ച ചെയ്ത് അടുത്തവർഷം മുതലെങ്കിലും ഇത്തരം ആചാരങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ പ്രേരണ നൽകണം. പാലിയം വിളംബരം ഇത്തരത്തിൽ ഒരു നവോത്ഥാനത്തിന് നാന്ദികുറിച്ചിരുന്നു. രാഷ്ട്രീയ സ്വയം സേവകസംഘത്തേപ്പോലുള്ള ദേശീയതയിലൂന്നിയ ഹൈന്ദവ സംഘടനകൾ സമയോചിതമായി ഇതിനൊരു മാറ്റം വരുത്താൻ രംഗത്തിറങ്ങണം. നിരോധനം കൊണ്ടോ കോടതിവിധികൾ കൊണ്ടോ പരിഹരിയ്ക്കാനാവില്ല ഇത്.

ദയാനന്ദ സന്ദേശത്തിന്റെ 2014 ജനുവരി ലക്കത്തിൽ **'നാസ്തികോ വേദനിന്ദകഃ'** എന്ന തലക്കെട്ടിൽ ഈ വിഷയത്തേകുറിച്ച് മുമ്പും പറഞ്ഞിട്ടുണ്ട്. വേദങ്ങളെ നിന്ദിയ്ക്കുന്നവരും വേദവിരുദ്ധാചാരങ്ങൾ അനുഷ്ഠിക്കുന്നവരും നാസ്തികരാണെന്ന് മനുസ്മൃതി ഉദ്ഘോഷിയ്ക്കുന്നു. നമുക്ക് നാസ്തികതയിൽ നിന്നും ആസ്തികത്വത്തിലേക്ക് പ്രവേശിയ്ക്കുമാറാകട്ടെ.

**പത്രാധിപർ**

*തിഷ്ഠൻ വൈ വീര്യവത്തമഃ (ശതപഥം 3.6.2.1)*
*ദൃഢതാപൂർവ്വം കർമ്മമനുഷ്ഠിക്കുന്ന വ്യക്തി എല്ലാവരിലും വെച്ച് ബലവാനും സഫലവാനുമാകുന്നു*






*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം - ബാലപംക്തി** **ആര്യവീരഗാഥ - 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



ഋഗ്വേദാദി ഭാഷ്യ ഭൂമിക രചന അദ്ദേഹം പൂർത്തീകരിച്ചു. വിക്രമസംവത്സരം 1933 ഭാദ്രമാസ ശുക്ലപക്ഷ പ്രതിപദദിനത്തിൽ മഹർഷി തന്റെ വേദഭാഷ്യം ജനങ്ങൾക്ക് സമർപ്പിക്കാനാരംഭിച്ചു.

## ദില്ലിയിലെ ദർബാർ

ഈ സമയത്ത് ദില്ലിയിൽ ദർബാർ നടന്നുകൊണ്ടിരിക്കുകയായിരുന്നു. വിക്ടോറിയ മഹാറാണിയെ ഭാരതരാജരാജേശ്വരിയായി ആദരിക്കുന്ന ചടങ്ങുനടക്കുകയാണവിടെ. വൻ തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ദർബാർ കാണുന്നതിനായി ഭാരതത്തിൽ നിന്നങ്ങോളമിങ്ങോളം ജനങ്ങൾ ദൽഹിയിലേക്ക് പ്രവഹിയ്ക്കുകയായിരുന്നു. നാട്ടുരാജാക്കന്മാരും വൻതോതിൽ വന്നുകൊണ്ടിരുന്നു. ആധ്യാത്മികചാര്യന്മാരും എത്തികൊണ്ടിരുന്നു. പരമയോഗിയായ ദയാനന്ദന് ഈ അവസരം എങ്ങിനെ ഒഴിവാക്കാനാവും? തന്റെ പ്രചാരപരിപാടികളുമായി മഹർഷി ദില്ലിയിലെത്തി. വേദപ്രകാശത്തിലൂടെ ഭാരതത്തിലുള്ള വ്യത്യസ്ഥ സമ്പ്രദായക്കാരിൽ ഐക്യം ഊട്ടിയുറപ്പിയ്ക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

ദില്ലിയിലെത്തിയ മഹർഷി ദയാനന്ദൻ ബാബു കേശവ ചന്ദ്രസെൻ, സർസെയ്യദ് അഹമ്മദ്ഖാൻ, കൻഹയ്യലാൻ അലഖ്ധാരി തുടങ്ങിയ നേതാക്കൾക്കുമുമ്പിൽ തന്റെ ഉദ്ദേശ്യത്തെ അവതരിപ്പിച്ചു. എന്നാൽ ബാബു കേശവ ചന്ദ്രസെൻ സ്വാമിജിയുമായി യോജിച്ചില്ല. ബ്രഹ്മസമാജമാണ് ഇത്തരം ഐക്യം കൊണ്ടുവരാൻ പറ്റിയത് എന്നായിരുന്നു അദ്ദേഹത്തിന്റെ നിഗമനം. മറ്റുള്ളവരും ഇക്കാര്യത്തിൽ സ്വാമിജിയുമായി ധാരണയിലെത്തിയില്ല. തന്റെ ഉദ്ദേശം സഫലീകരിയ്ക്കാനാവതെ മഹർഷി മടങ്ങി.

## ചാന്ദാപ്പൂരിലെ മേള

ദില്ലി ദർബാറിൽ നിന്നും മടങ്ങിയ സ്വാമിജി മീററ്റ് വഴി ചാന്ദാപ്പൂരിലെത്തി. അവിടെ വലിയൊരു മേള നടക്കുകയായിരുന്നു. ക്യസ്ത്യൻ - മുസ്ലീം നേതാക്കളും അവിടെ എത്തിയിരുന്നു. അവരുമായി സംവാദത്തിലേർപ്പെടാൻ പലരും സ്വാമിജിയോട് അപേക്ഷിച്ചു. അതിനായുള്ള ഏതാനും ചോദ്യാവലികളും തയ്യാറാക്കി. എന്നാൽ ക്രിസ്ത്യൻ മുസ്ലീം പണ്ഡിതന്മാർക്ക് അതിന് ഉചിതമായ മറുപടി നൽകാനായില്ല. തുടർന്ന് മഹർഷി തന്റെ വൈദിക സിദ്ധാന്തം ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചു.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

## ? = സംശയ നിവാരിണി
### സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സൂരി



**സൂ**ക്ഷ്മശരീരത്തിൽ 17 തത്ത്വങ്ങളുണ്ട്. അഞ്ചു പ്രാണന്മാർ + അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ + അഞ്ചു സൂക്ഷ്മഭൂതങ്ങൾ - അതായത് തന്മാത്രകൾ+ മനസ്സ് + ബുദ്ധി. ഈ പതിനേഴുതത്ത്വങ്ങളുടേയും ഒത്തുചേരലിനേയാണ് സൂക്ഷ്മശരീരം എന്നു പറയുന്നത്. ഈ സൂക്ഷ്മ ശരീരം മോക്ഷാവസ്ഥ വരെ ആത്മാവിനൊപ്പം നിൽക്കുന്നു. മോക്ഷം പ്രാപിയ്ക്കുന്നതോടെ ആത്മാവിൽ നിന്ന് വേർപെടുന്നു. മൃത്യുസംഭവിയ്ക്കുമ്പോൾ ഭൗതിക ശരീരം അതായത് സ്ഥൂല ശരീരത്തിന് നാശം സംഭവിയ്ക്കുന്നു. എന്നാൽ സൂക്ഷ്മ ശരീരം ആത്മാവിനൊപ്പം സഞ്ചരിയ്ക്കുന്നു.

**യസ്മിൻ വൃക്ഷേ സുപലാശേ, ദേവൈഃ സംപിബതേ യമഃ (ഋഗ്വേദം 10.135.1)**

അതായത് ശരീരരൂപിയാകുന്ന ഈ വൃക്ഷത്തിൽ ജീവാത്മാവ് ഇന്ദ്രിയങ്ങളോടൊപ്പം രസങ്ങളെ പാനം ചെയ്തു കൊണ്ടിരിയ്ക്കുന്നു. സൂക്ഷ്മശരീരത്തിൽ അഞ്ചു പ്രാണനാണുള്ളത്. പ്രാണൻ, അപാനൻ, വ്യാനൻ, സമാനൻ, ഉദാനൻ എന്നിവ. അഞ്ച് ജ്ഞാനേന്ദ്രിയങ്ങളാണുള്ളത്. മൂക്ക്, നാക്ക്, കണ്ണ്, ത്വക്ക്, ചെവി എന്നിവ. അഞ്ചു സൂക്ഷ്മ ഭൂതങ്ങൾ, അതായത് തന്മാത്രകളുണ്ട്. ഗന്ധം, രസം, രൂപം, സ്പർശം, വാക്ക് എന്നിവ പിന്നെ മനസ്സും ബുദ്ധിയും ഇപ്രകാരമുള്ള പതിനേഴ് തത്ത്വങ്ങളുടെ സമുദായത്തെയാണ് സൂക്ഷ്മശരീരം എന്നു പറയുന്നത്.

മേൽ പറഞ്ഞ മൂന്ന് അവസ്ഥകൂടാതെ നാലാമത് ഒരു ശരീരം കൂടിയുണ്ട്. ഈ അവസ്ഥയിൽ ആത്മാവ് സമാധി അവസ്ഥയിൽ ഈശ്വരനോട് ചേർന്ന് ആനന്ദഭരിതമായ അവസ്ഥയിൽ വസിയ്ക്കുന്നു. ഇതിനാണ് തുരീയശരീരമെന്നു പറയുന്നത്.

ജീവൻ ഈ നാല് ശരീരാവസ്ഥകളിൽ നിന്നും വ്യത്യസ്തമാണ്. അതിനെ ജീവാത്മാവ് അഥവാ ആത്മാവ് എന്നു വിളിയ്ക്കുന്നു. ഈ ആത്മാവിനോടുകൂടി ചേരുമ്പോഴാണ് ശരീരത്തിന് കർമ്മം ചെയ്യാൻ സാധിയ്ക്കുന്നത്. ഇതിൽ നിന്നും വേർപെട്ടാൽ ശരീരം നിഷ്ക്രിയമായി തീരുന്നു. ഇപ്രകാരം നിഷ്ക്രിയമായ ശരീരം മൂലം യാതൊരു പ്രയോജനവുമില്ലാത്തതിനാൽ അതിനെ ദഹിപ്പിച്ചുകളയുന്നു. ഓർമ്മിയ്ക്കുക ഭൗതികശരീരത്തെയാണ് ദഹിപ്പിയ്ക്കുന്നത്. ആത്മാവ് അമരനും നിത്യനുമാണ്. അതിന് ഒരിക്കലും മരണമില്ല.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







*(മുൻ ലക്കത്തിന്റെ തുടർച്ച)*

## ഋഗ്വേദാദി ഭാഷ്യ ഭൂമിക

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

**അഥ വേദോൽപ്പത്തി വിഷയഃ**

**ഭാഷാർത്ഥം:** വേദങ്ങൾ നിർമ്മിക്കുന്നതുകൊണ്ട് ഈശ്വരന് എന്താണ് പ്രയോജനം?

**ഉത്തരം:** വേദങ്ങളുണ്ടാക്കാതിരുന്നാൽ ഈശ്വരന് എന്താണ് പ്രയോജനമെന്ന് ഞാൻ നിങ്ങളോട് ചോദിയ്ക്കുന്നു. 'എനിയ്ക്കറിയില്ല' എന്നാണതിനുത്തരമെങ്കിൽ അത് ശരിയാണ്. എന്തെന്നാൽ വേദങ്ങൾ ഈശ്വരന്റെ നിത്യമായ വിദ്യയാണ്. അതിന്റെ ഉൽപ്പത്തിയും അനുൽപ്പത്തിയും ഒരിക്കലും ഉണ്ടാവില്ല. നാം ജീവാത്മാക്കൾക്ക് ഈശ്വരൻ വേദങ്ങളെ പ്രകാശിപ്പിച്ചുകൊണ്ട് പരമകൃപയാണ് ചെയ്തത്. വേദോൽപ്പത്തികൊണ്ടുള്ള പ്രയോജനത്താലാണ് നിങ്ങൾക്ക് കേൾക്കാനാവുന്നത്.

**ചോദ്യം: ഈശ്വരനിൽ അനന്തവിദ്യയുണ്ടോ ?**

**ഉത്തരം:** ഉണ്ട്.

**ചോദ്യം : എന്നാൽ അദ്ദേഹത്തിന്റെ വിദ്യ എന്തു പ്രയോജനത്തിനായാണ് ?**

**ഉത്തരം:** സ്വന്തം പ്രയോജനത്തിന്. അതിനാൽ സർവ്വപദാർത്ഥങ്ങളുടേയും രചനയും അറിവും ഉണ്ടാവുന്നു.

**ചോദ്യം: എങ്കിൽ ഞാൻ ചോദിക്കട്ടെ, ഈശ്വരൻ പരോപകാരം ചെയ്യുന്നുണ്ടോ?**

**ഉത്തരം:** ഈശ്വരൻ പരോപകാരിയാണ്. ഇതിൽ നിന്ന് എന്ത് മനസ്സിലായി ? വിദ്യയെന്നത് സ്വന്തം കാര്യത്തിനും മറ്റുള്ളവരുടെ കാര്യത്തിനും വേണ്ടിയാണെന്ന്. വിദ്യയുടെ ഈ ഗുണം സ്വന്തം കാര്യങ്ങൾക്കും അന്യരുടെ പ്രയോജനങ്ങൾക്കും വേണ്ടിയാണ്.

ഈശ്വരൻ തന്റെ ജ്ഞാനോപദേശം നമുക്ക് നൽകുന്നില്ലെങ്കിൽ പരോപകാരം ചെയ്യുക എന്ന വിദ്യയുടെ ഗുണം അദ്ദേഹത്തിനില്ലെന്നുവരും. അതിനാൽ പരമേശ്വരൻ തന്റെ വേദവിദ്യയേ നമുക്കായി ഉപദേശിച്ച് സാഫല്യം ഉണ്ടാക്കുന്നു. എന്തെന്നാൽ പരമേശ്വരൻ നമുക്ക് മാതാപിതാസമാനനാണ്. നമ്മളെല്ലാം അദ്ദേഹത്തിന്റെ സന്താനങ്ങളും അദ്ദേഹത്തിന്റെ കൃപാദൃഷ്ടി നിത്യവും ആഗ്രഹിക്കുന്നവരുമാണ്. എങ്ങിനേയാണോ പിതാവ് സ്വന്തം മക്കളുടെ മേൽ എപ്പോഴും കൃപ ചൊരിയുന്നത്, എല്ലാ പ്രകാരത്തിലും സന്തതികളുടെ സുഖം കാംക്ഷിക്കുന്നത്, അതേപോലെ ഈശ്വരനും മനുഷ്യാദിസൃഷ്ടികളിൽകൃപാദൃഷ്ടിനിരന്തരം ചൊരിയുന്നു. അതിനാലാണ് നമുക്കായി വേദോപദേശം ചെയ്തത്. പരമേശ്വരൻ തന്റെ വേദവിദ്യകൾ മനുഷ്യർക്ക് ഉപദേശിച്ചില്ലെങ്കിൽ ധർമ്മാർത്ഥകാമമോക്ഷങ്ങളുടെ സിദ്ധി ഒരിക്കലും യഥാവിധി മനുഷ്യർക്ക് ലഭിക്കില്ല. അതില്ലാതെ പരമാനന്ദവും ആർക്കും കിട്ടില്ല.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

(മുൻ ലക്കത്തിന്റെ തുടർച്ച)

# ശത്രുവോ? മിത്രമോ?

ഋഷ്യശൃംഗൻ

മറ്റു മൃഗങ്ങൾക്ക് പെട്ടെന്ന് പ്രതികരിക്കാനും തങ്ങളുടെ കാമനകളെ പൂർത്തീകരിക്കാനുമുള്ള കഴിവ് മാത്രമേയുള്ളു. മനുഷ്യർക്ക് താൻ ചെയ്യാൻ പോകുന്ന കാര്യങ്ങളുടെ ഗുണദോഷങ്ങൾചിന്തിക്കാനും അതിനനുയോജ്യമായ തീരുമാനങ്ങൾ എടുക്കാനുമുള്ള കഴിവുണ്ട്.

കിട്ടുന്ന വസ്തുക്കളെല്ലാം ഭക്ഷണയോഗ്യമാവണമെന്നില്ല. മുട്ട, മാംസം, മദ്യം, പുകയില ഉൽപ്പന്നങ്ങൾ എന്നിവ തീർച്ചയായും ഹാനികരമാണ്. അത് പെട്ടെന്നോ കുറച്ചുകാലങ്ങൾക്ക് ശേഷമോ ഹാനിയുണ്ടാക്കാനിടയുള്ളവയാണ്. മയക്കുമരുന്നുകളും മായം ചേർക്കലും ലൈംഗിക അരാജകത്വവും അതുപോലെ തന്നെ അപകടകാരികളാണ്. ചൂതാട്ടം, കടംവാങ്ങലും നൽകലും അങ്ങിനെതന്നെയാണ്. മനുഷ്യരെ കെണിയിൽ പെടുത്തി അയാളുടെ നാശത്തിന് കാരണമാക്കുന്നവയാണിവയെല്ലാം.

മനുഷ്യർ സന്നിഗ്ദ്ധഘട്ടങ്ങളിൽ തങ്ങളുടെ വിവേചനബുദ്ധി പ്രയോഗിക്കണം. തെറ്റായ ശീലങ്ങൾ വളർത്തിയെടുത്താൽ അത് അസാന്മാർഗ്ഗിക സ്വഭാവങ്ങൾക്കും വ്യക്തിയുടെ പ്രതിഛായക്കും മങ്ങലേൽപ്പിക്കും. നമ്മുടെ ഗുണപാഠ ഗ്രന്ഥങ്ങൾ ശുദ്ധവും സദാചാരമൂല്യത്തോടുകൂടിയ ജീവിതം നയിക്കാൻ പ്രേരണ നൽകുന്നവയുമാണ്. അവയുടെ പാഠമുൾക്കൊണ്ട് മോശം സ്വഭാവങ്ങളിൽ നിന്ന് അകന്നുമാറാൻ ശ്രമിക്കണം. ജീവിതവിജയത്തിനും സന്തോഷത്തിനുമുള്ള മാർഗ്ഗം ഇതാണ്.

ശുക്ര നീതി (1-108) പറയുന്നു. "മദ്യം, ചൂതാട്ടം, ലൈംഗിക അരാജകത്വം മനുഷ്യരെ നശിപ്പിക്കുന്നു." വിദുര നീതി (3.45-47) യിൽ ഇങ്ങിനെ ഉപദേശിയ്ക്കുന്നു. പക്ഷികളുടേയും മൃഗങ്ങളുടേയും മാംസം കഴിക്കുന്നവരും മദ്യപാനികളും ബഹുഭാര്യമാരെ വെച്ചുപുലർത്തുന്നവരും ദൈവകോപം ലഭിയ്ക്കുന്നവരും ആത്മീയപാതയിൽ പ്രവേശനം ലഭിക്കാത്തവരുമാണ്. മൃഗങ്ങളെ കൊല്ലുന്നതിനെ വേദങ്ങൾ ശക്തമായി എതിർക്കുന്നു. മഹർഷി ദയാനന്ദ സരസ്വതിയാണ് വേദങ്ങളിലൊരിടത്തും അക്രമത്തിനും പ്രാണിഹിംസയ്ക്കും വിധിയില്ലാ എന്ന് ആദ്യമായി പ്രഖ്യാപിച്ചത്. യജുർവ്വേദത്തിലെ ഒന്നാമത്തെ മന്ത്രം തന്നെ എല്ലാ അക്രമങ്ങളേയും നിരോധിക്കുന്നതിനും മൃഗങ്ങളെ സംരക്ഷിക്കുന്നതിനേക്കുറിച്ചുമാണ്.

ഭൂമിയെ ഒരു സ്വർഗ്ഗമാക്കി മാറ്റാൻ എല്ലാ സഹജീവികളോടും സ്നേഹവും കരുണയും വെച്ചുപുലർത്തണം. അതിന് എല്ലാവരും ശ്രമിക്കണം.

(അവസാനിച്ചു)

**ഛിദ്രം വൃണ (യജുർവ്വേദം 12.54)**
**തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും**





(മുൻ ലക്കത്തിന്റെ തുടർച്ച)



# വേദാന്തി ധ്വാന്തി നിവാരണം

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ: കെ. എം. രാജൻ

(തദ്വൈതദിത്വാദി) ഈ ബ്രഹ്മത്തെ വാമദേവഋഷികാണുകയും പ്രാപിയ്ക്കുകയും ചെയ്യുന്നു. മനുവും സൂര്യനാമത്തിലുള്ള ഋഷിയും ദോഹധാരി അഥവാ സൂര്യലോകത്തിൽ ജന്മം നേടിയവരും അത്തരം വിജ്ഞാനസമാധിസ്ഥപരമേശ്വരന്റെ ധ്യാനത്തിൽ തൽപരരുമായ വാമദേവഋഷി അദ്ദേഹത്തെ പ്രാപിച്ചു. അതിനാൽ ഈ വിജ്ഞാനം ആർക്ക് ഇപ്രകാരത്തിലാവുന്നുവോ അയാൾ ഇപ്രകാരം അറിയുന്നു (യ ഏവം ബ്രഹ്മാസ്മീതി) ഞാൻ ബ്രഹ്മമാണെന്ന്. എന്നുവെച്ചാൽ എന്റെ അകത്തും പുറത്തും ബ്രഹ്മം വ്യാപകനാണ് (നിറഞ്ഞുനിൽക്കുന്നവൻ). ആരോണോ ഇങ്ങിനെ അറിയുന്നത് അയാൾ എല്ലാസുഖങ്ങളേയും പ്രാപിയ്ക്കുന്നു. അയാൾക്ക് മുന്നിൽ അനൈശ്വര്യവാനായ ദേവനോ ഇന്ദ്രിയങ്ങളൊ മറ്റു പണ്ഡിതൻമാരോ ഐശ്വര്യവാനായിതീരുന്നില്ല. എന്നാൽ ബ്രഹ്മത്തിന്റെ ഉപാസകന് ഈ ഇന്ദ്രിയങ്ങളും മറ്റു പണ്ഡിതന്മാരുടെ ആത്മാവും പ്രിയ സ്വരൂപമായി തീരുന്നു. എങ്ങിനേയാണോ ആകാശത്തിൽ നിന്നും വീട് ഭിന്നമല്ലാതായിട്ടുള്ളത് അതേപോലെ വീടും ആകാശത്തിൽ നിന്നും ഭിന്നമല്ല. ആകാശവും വീടും ഒന്നല്ല. വ്യത്യാസ്തമാണ്. ജീവാത്മാവും പരമാത്മാവും വ്യാപ്യ-വ്യാപക ബന്ധത്താൽ ഭിന്നനോ അഭിന്നനോ ആവുന്നില്ല. അതിനാൽ ഈ ബൃഹദാരണ്യകത്തിന്റെ ആറാം പ്രപാഠകത്തിൽ സ്പഷ്ടമായി ഇങ്ങിനെ പറയുന്നു.

യ ആത്മനി തിഷ്ഠന്നാത്മനോന്തരോ യമാത്മാ ന വേദ യസ്യാത്മാ ശരീരം യ ആത്മാനമന്തരോ യമയതി സ ത ആത്മാന്തര്യാമ്യ മൃതഃ॥

(വ്യാഖ്യാനം): അല്ലയോ ജീവാത്മാവേ ! പരമാത്മാവ് നിന്റെ അന്തര്യാമിയും അമൃതസ്വരൂപനുമായ ഉപാസ്യനുമാണ്. നിന്നിൽ വ്യാപിച്ച് നിറഞ്ഞിരിക്കുന്നുവെങ്കിലും അത് നിന്നിൽ നിന്നും വ്യത്യസ്തനാണ്. നിന്നോട് കൂടി ചേർന്നിരിക്കുന്നവനുമാണ്. അത് നീ അറിയുന്നില്ല. എന്തെന്നാൽ നീ ശരീരസ്ഥനാണ്. എങ്ങിനേയാണോ ജീവാത്മാവിന് ശരീരമുള്ളത് അതേപോലെ പരമാത്മാവിന് നീയും ശരീരസ്ഥനാണ്. അത് നിന്നോട് ഒപ്പമുണ്ട്. നിന്റെ നിയന്താവുമാണദ്ദേഹം. ആ അന്തര്യാമിയെ വിട്ട് മറ്റൊന്നിനേയും ഉപാസിയ്ക്കരുത്.

(തുടരും)

**ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)**
**മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല**

ഈശ്വരൻ തരേണ്ടതു തന്നെയാണല്ലോ? സദ് ജ്ഞാനമായ വേദത്തിന്റെ മൗലികസിദ്ധാന്തങ്ങളുടെ പ്രകാശനത്തിനും പ്രസാരണത്തിനും അജ്ഞാനാന്ധകാരത്തിന്റെ നാശനത്തിനുമായി രചിച്ച ഗ്രന്ഥമാണ് സത്യാർത്ഥ പ്രകാശം.

ഈ മാനവിക മതമതാന്തരങ്ങളിൽ സത്യാർത്ഥപ്രകാശത്തിന്റെ സ്വാധീനത്തെ സംക്ഷിപ്തമായി വിവരിക്കാം.

പൗരാണിക ഹിന്ദു നാലുവേദ സംഹിതകൾക്കും പുറമേ ഉപനിഷത്ത്, ബ്രാഹ്മണഗ്രന്ഥങ്ങൾ, എന്നിവയേയും വേദമായി അംഗീകരിക്കുവാൻ തുടങ്ങി. ചിലർ 18 പുരാണങ്ങളിളേപ്പോലും ഈശ്വരകൃതമായി കണ്ടു തുടങ്ങിക്കഴിഞ്ഞു. നാലുവേദസംഹിതകൾ മാത്രമാണ്. ഈശ്വരകൃതമായത് എന്ന് ഋഷി ദയാനന്ദൻ ശാസ്ത്ര പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുണ്ട്. വേദപാഠം ചെയ്യുന്നവരിൽ യജുർവ്വേദി, ഋഗ്വേദി, ദ്വിവേദി, ത്രിവേദി, ചതുർവ്വേദി എന്നീ പേരുകൾ കാണുകയും കേൾക്കുകയും ചെയ്യാറുണ്ട്. ഏകാദശോപനിഷത്ത് കണ്ഠസ്ഥമാക്കിയവരെ എന്തുകൊണ്ടാണിത്തരം ശ്രേണികളിൽപെടുത്താത്തത്? ഭാരതത്തിലെ The call of the Vedas, അമേരിക്കയിലെ Stephen Knapp എഴുതിയ Secret teaching of the Vedas, അമേരിക്കൻ പണ്ഡിതൻ എഴുതി Hymns from the Rigveda തുടങ്ങിയ ഗ്രന്ഥങ്ങൾ സത്യാർത്ഥപ്രകാശത്തോടൊപ്പം ചേർന്ന് നാലു സംഹിതകളെ മാത്രമേ വേദമായി ഗണിക്കുന്നുള്ളു. വൈദിക ഇസ്ലാമിക ഗ്രന്ഥങ്ങളുടെ രചിയിതാവായ വിശ്വ പ്രസിദ്ധ സാഹിത്യകാരൻ ശ്രീ. അനവർ ഷേഖിന്റേയും അഭിപ്രായമിതാണ്.

ലോകത്തിലെ കോടിക്കണക്കിനു ജനങ്ങൾ ഈശ്വരൻ ആകാശത്ത് സ്ഥിതിചെയ്യുന്നവനായി കരുതുന്നു. സാഗരങ്ങളിലും പർവ്വതങ്ങളുടെ മുകളിലുമാണദ്ദേഹം സിംഹാസനാരൂഢനായിരിക്കുന്നത് എന്ന് വേറേയും ചിലർ വിശ്വസിക്കുന്നു. കോടിക്കണക്കിനു പേർ ഈശ്വരനെ ആകാശസ്ഥനായ പിതാവേ (Our heavelnly Father) എന്നു പറഞ്ഞ് വിളിക്കുന്നു. ഈശ്വരനേ മനുഷ്യരിൽ നിന്നും അകറ്റി നിർത്തിയിരുന്നു. അങ്ങിനെ വിശ്വസിപ്പിക്കപ്പെട്ടിരുന്നു. എല്ലാ ദേശങ്ങളിലുമുള്ള ഇതേ ജനങ്ങൾ ഈശ്വരനേ സർവ്വവ്യാപകനായി (Omnipresnet) അംഗീകരിച്ചിരിക്കുന്നു. പ്രമുഖ മുസ്ലീം ചിന്തകനായിരുന്ന സർസയ്യദ് അഹമ്മദ്ഖാന്റെ സാഹിത്യങ്ങളും അദ്ദേഹത്തിന്റെ ജീവചരിത്രമായ 'ഹയാതേ ജാവേദ്' വായിക്കുക. ഖുറാന്റെ ഭാഷ്യകാരൻ കൂടിയാണ് സർസയ്യദ്. സത്യാർത്ഥപ്രകാശത്തിന്റെ ശിക്ഷണത്തിന്റെ പ്രഭാവത്താൽ അദ്ദേഹം ഉദ്ഘോഷിക്കുന്നു. അള്ളാഹു ആഗ്രഹിച്ചാൽ പോലും നമ്മേ വിട്ടിരിക്കാനാവില്ലെന്ന്. കണ-കണങ്ങളിലും എല്ലാ വിഭാഗങ്ങളിലും എല്ലാ വസ്തുക്കളിലും ഈശ്വരനുണ്ടെന്ന് സത്യാർത്ഥപ്രകാരം എല്ലാവരേയും പഠിപ്പിക്കുന്നു. നമ്മൾ അദ്ദേഹത്തിലും അദ്ദേഹം നമ്മിലുമുണ്ട്. യജുർവ്വേദ (40-1) പറയുന്നു. ഈശ്വരസ്വരൂപം ഇന്നെല്ലാവരും സ്വീകരിച്ചിരിക്കുന്നു. അന്ധവിശ്വാസങ്ങൾ (Superstition) ഇപ്പോഴും ഉണ്ടായിരിക്കുന്നുണ്ട്. അവ പെട്ടെന്ന് മരിക്കില്ല.

***ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)***
***അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***
*തർജ്ജമ: കെ.എം. രാജൻ*



'**പ്രാ**ണനെടുത്തോട്ടെ എന്നാൽ ജീവിതമെടുക്കാതിരിക്കട്ടെ' എന്ന് ചിലർ പറയുന്നു. എന്റെ പ്രഭാഷണം മൂലം ഗരുഡപുരാണാദികളുടെ വിഷയത്തിൽ ജനങ്ങൾക്ക് വിശ്വാസം നഷ്ടപ്പെടുമെന്നതിനാൽ ചില സ്വാർത്ഥികളുടെ ജീവിതം നശിക്കുമെന്നും ആ പാപം എനിക്ക് ലഭിക്കുമെന്നുമാണെങ്കിൽ അതിൽ എനിക്ക് അശേഷം ഭയമില്ല. കാരണം രാജാവ് ദുഷ്ടന്മാർക്ക് ശിക്ഷ നൽകുന്നു. (അതിൽ അദ്ദേഹത്തിന് പാപം ലഭിക്കുന്നില്ല) അത്തരത്തിൽ എന്റെ വാക്കുകൾ കാരണം ദുഷ്ടന്മാരുടെ ജീവിതം തകരുമെങ്കിൽ എനിക്കെങ്ങിനെ പാപം ലഭിയ്ക്കും? ബ്രാഹ്മണർക്ക് അതായത് പണ്ഡിതനായ ആര്യന്മാർക്കും അധ്യയനം, യാജനം എന്നിവ ചെയ്യാനധികാരമുണ്ട്. ജീവിതനിവർത്തിയ്ക്കായി കുടില പ്രവർത്തനങ്ങൾ ചെയ്യുക, ജാതകമുണ്ടാക്കുക, സ്വയം മറ്റുള്ളവർക്ക് ശനി ആയി തീരുക, ദുഷ്ടമായ ഉപായങ്ങളാൽ പാപം ചെയ്യുക എന്നിവ ഇന്നത്തെ ബ്രാഹ്മണരിൽ വർദ്ധിച്ചുവരുന്നുണ്ട്. മഹാഭാരതത്തിലൊരിടത്തും ജാതകത്തെകുറിച്ച് വർണ്ണിയ്ക്കുന്നില്ല എന്നത് ചിന്തിച്ചു നോക്കൂ. ഇതിനർത്ഥം ഫലജ്യോതിഷമെന്ന വസ്തുത ആര്യവിദ്യയിലൊന്നുമില്ലെന്ന് സ്പഷ്ടമാവുന്നു.

മരണസമയത്ത് യമദൂതന്മാർ ജീവനെടുത്തുകൊണ്ടുപോവുന്നു എന്നതിന്റെ ആശയം വായുജീവനെ സ്വീകരിയ്ക്കുന്നുവെന്നാണ്. വായു മനുഷ്യനെ സ്വീകരിച്ച് വീണ്ടും പുനർജ്ജന്മത്തിന് വിധേയമാക്കുന്നു എന്നർത്ഥം. ഇതിൽ വൈതരണി നദിയും ഗോപുംഛം (പശുവിന്റെ വാൽ) തുടങ്ങിയ അന്ധവിശ്വാസവും എവിടെനിന്നു വന്നു? (അതായത് ഇത്തരത്തിലുള്ള വിവരണങ്ങളൊന്നും വേദാദി സത്ശാസ്ത്രങ്ങളിലില്ല).

എൺപത്തിനാലുലക്ഷം യോനികൾ അഥവാ അവയുടെ ഏറ്റകുറച്ചിൽ തുടങ്ങിയ കൽപ്പിത കഥകൾ വർണ്ണിക്കേണ്ട യാതൊരു ആവശ്യവുമില്ല. ലോകത്തിൽ എത്രതരത്തിലുള്ള ജീവികളുണ്ട് എന്നതിന്റെ ഒരു ഗവേഷണ കുറിപ്പ് തയ്യാറാക്കി തരുവാൻ ഞാൻ നമ്മുടെ ശാസ്ത്രിമാരോട് പറയുന്നു.

***(തുടരും)***

***മാ സ്രോധത (ഋഗ്വേദം 6.32.9)***
***ഹിംസ ചെയ്യാതിരിക്കൂ***

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലുശ്യാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**

## അദ്ധ്യായം 3



"ന്നാ, അങ്ങിനെ" തലയിൽ കൈവെച്ച് 'വിവരത്തിനൊക്കെ എഴുതണം. വിവേകം വിട്ടു പ്രവർത്തിയ്ക്കരുത്. ശരി, പോയ് വരൂ! ഈശ്വരാധീനമുണ്ടാകട്ടെ.' അഫൻകരുണാമസൃണമായ മധുരം നിറഞ്ഞവാക്കുകളാൽ പാച്ചനെ അടിമുടി ഉഴിഞ്ഞ് സമാശ്വസിപ്പിച്ചു.

എന്നാൽ.......പാച്ചൻ ചെറിയമ്മയുടെ കണ്ണുകളിൽ പരതി. കനിവ് നീർ നിറഞ്ഞു തിളങ്ങുന്ന കൺപോള ആശിർവാദമുദ്രയെന്നോണം ചെറിയമ്മ താഴ്ത്തിയപ്പോൾ താഴെ പതിയ്ക്കുന്നത് കണ്ടിട്ട് പുളകാഭിക്തനായ പാച്ചന്റേയും കണ്ണിണകളിൽ ചാരിതാർത്ഥ്യനീർപൊടിഞ്ഞ് തല താഴ്ന്നു.

പാച്ചൻ ചെറിയമ്മയുടേയും പാദങ്ങൾ തൊട്ടുവണങ്ങി നിറഞ്ഞു വഴിഞ്ഞുതുടിയ്ക്കുന്ന ഹൃദയത്തോടെ മുറ്റത്തേയ്ക്കിറങ്ങി. തിരിഞ്ഞു നോക്കാനാവാതെ നടന്നു. അഫനും ചെറിയമ്മയും ഗെയ്റ്റവരെ ചെന്ന് അനുഗ്രഹാശുമുദ്രകാട്ടികൊണ്ട് കൈപൊക്കി യാത്രയാക്കി.

"എത്ര നല്ലൊരു മനുഷ്യൻ! പരമശുദ്ധൻ, ഇത്തരക്കാർ അധികമുണ്ടാവില്ല. അയാളുടെ ഭാവി ഉജ്ജ്വലമായി വരും." അഫൻ അനുകമ്പാകുലനായി അയാൾ പോയ വഴി വീക്ഷിച്ചുകൊണ്ടു മൊഴിഞ്ഞു.

"ശരിയാണ്, എനിയ്ക്കും അത് തോന്നാറുണ്ട്. എന്തായാലും അയാളെ ഈശ്വരൻ കൈപിടിച്ചുയർത്താതിരിക്കില്ല. അതിനുള്ള എല്ലാ ഗുണങ്ങളുമുണ്ടയാളിൽ." ചെറിയമ്മ മാതൃവാൽസല്യസ്നിഗ്ദ്ധകാരുണ്യാപ്ലാവിതയായി ഏറ്റുപാടി.

ഇരുവരും സൽസന്താനസിദ്ധി സമാനം സന്തുഷ്ടരായി തങ്ങളുടെ അനുഗ്രഹാശ്ശിസ്സുകൾ ആകാശത്തിലൂടെ മഴപെയ്യും വണ്ണം സംപ്രേഷണം ചെയ്തുകൊണ്ട് അകത്തേയ്ക്ക് മടങ്ങി.

**(തുടരും)**

*മാ നിന്ദത (ഋഗ്വേദം 4. 5. 2)*
*നിന്ദിക്കാതിരിക്കൂ!*





# സത്യാർത്ഥപ്രകാശം എന്ത്? എന്തിന്

*പ്രൊ. രാജേന്ദ്ര ജിജ്ഞാസു*

മഹർഷി ദയാനന്ദ സരസ്വതിയുടെ സത്യാർത്ഥ പ്രകാശമെന്ന ഗ്രന്ഥം കാലാതിവർത്തിയായതും വിപ്ലവകരമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ലോകത്തിലെ വിവിധ ഭാഷകളിൽ ഈ അമര ധാർമ്മികഗ്രന്ഥത്തിന്റെ പരിഭാഷയും പ്രകാശനവും നടന്നിട്ടുണ്ട്. ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ ലോകമെമ്പാടുമുള്ള മനുഷ്യരുടെ മനസ്സിനേയും മസ്തിഷ്ക്കത്തേയും ഇളക്കി മറിച്ചിട്ടുണ്ട്. എല്ലാ ധാർമ്മിക വിഭാഗങ്ങളുടെ ഇടയിലും ഈ ഗ്രന്ഥത്തിന്റെ പ്രഭാവം കാണാൻ കഴിയും. സത്യാർത്ഥപ്രകാശത്തിന്റെ ആവിർഭാവത്തിനു മുമ്പും പിമ്പുമായി പ്രസിദ്ധീകരിച്ച വിഭിന്ന മതവിഭാഗങ്ങളുടെ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ ഈ ഗ്രന്ഥത്തിന്റെ പ്രഭാവത്തെ ഏവരും അംഗീകരിച്ചതായി കാണാൻ കഴിയും.

അംഗീകരിച്ചാലും ഇല്ലെങ്കിലും സത്യാർത്ഥപ്രകാശം എല്ലാവർക്കും ഗുണം ചെയ്തിട്ടുണ്ട്. പൗരാണികരായ ഹിന്ദുക്കളാവട്ടെ ക്രിസ്ത്യാനുകളാവട്ടെ മുഹമ്മദീയരോ പാർസികളോ ആയിക്കോട്ടെ, ഇവരെല്ലാം ഈ ഗ്രന്ഥത്തിന്റെ പ്രേരണ ഉൾക്കൊണ്ടിട്ടുണ്ട്. ബൗദ്ധ, ജൈന, സിഖു മതവിഭാഗങ്ങളിൽപെട്ടവരും ഇതിൽപ്പെടും.

ഭൂമിയുടെ ഗുരുത്വാകർഷണ നിയമം (Law of Gravitation) ആർക്കും കാണാൻ കഴിയില്ലെങ്കിലും നമ്മുടെ ചലനങ്ങളേയെല്ലാമിത് സ്വാധീനിക്കുന്നു. സത്യാർത്ഥപ്രകാശത്തിന്റെയും സ്ഥിതി ഇതുതന്നെയാണ്.

ജീവാത്മാക്കളുടെ സൃഷ്ടിക്കുമുമ്പുതന്നെ അവർക്കു വേണ്ടുന്ന ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള വസ്തുക്കളും ഈശ്വരൻ സൃഷ്ടിക്കുമെന്നുള്ളത് സൃഷ്ടിയുടെ അചഞ്ചലനിയമമാണ്. മനുഷ്യർ തങ്ങളുടെ ആവശ്യമനുസരിച്ച് അവയുടെ പുതിയ ആവിഷ്ക്കാരണം തേടുകയും ചെയ്യും. പ്രാണികളുടെ സൃഷ്ടിക്കുമുമ്പുതന്നെ ഈശ്വരൻ അവർക്കു താമസിക്കുന്നതിനായി ഭൂമി, കണ്ണുകൾക്കായി സൂര്യൻ, ജീവിതാവശ്യങ്ങൾക്കായി അഗ്നി, ജലം, വായു തുടങ്ങിയവയെ നൽകി. വിധാതാവ് രണ്ടുകണ്ണുകൾ നൽകിയെങ്കിലും സൂര്യനേ നിർമ്മിച്ചില്ലെങ്കിലെന്തു ഗുണം? ഈ നിയമാനുസാരം സൃഷ്ടിയുടെ ആരംഭത്തിൽ മാനവരുടെ മംഗളാർത്ഥം തന്റെ അനാദിയായ ജ്ഞാനം -വേദത്തേ- നാലു ഋഷിമാരിലൂടെ നൽകി. ജിജ്ഞാസ (instinct of curiosity) മനുഷ്യർക്ക് ജന്മസിദ്ധമാണ്. ബുദ്ധിക്കായി ജിജ്ഞാസയേ തൃപ്തിപ്പെടുത്താനുതകുന്ന ജ്ഞാനാമൃതം

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*